"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം, മൂന്നിയൂർ ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധി ശ്രീ. അബ്ദു സമദ് ചാന്തിന് ചികിത്സ ഇനത്തിൽ ചെലവായ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1969/2024/LSGD തീയതി,തിരുവനന്തപുരം, 18-10-2024

---

പരാമർശം:-

1. മൂന്നിയൂർ ഗ്രാമ പഞ്ചായത്തിലെ 19.12.2023 തീയതി നടന്ന സാധാരണയോഗത്തിലെ 21-ാം നമ്പർ തീരുമാനം.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.09.2024 തീയതിയിലെ LSGD/PD/31543/2024 -EER2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം, മൂന്നിയൂർ ഗ്രാമ പഞ്ചായത്ത് 16-ാം വാർഡ് ജനപ്രതിനിധി ശ്രീ. അബ്ദു സമദ് ചാന്ത് എന്നയാൾക്ക് ഹൃദയ സംബന്ധമായ ചികിത്സക്ക് 08.11.2023 മുതൽ 12.11.2023 വരെ പെരിന്തൽമണ്ണ മൗലാന ഹോസ്പ്പിറ്റലിൽ ചികിത്സക്ക് വിധേയനായതിൽ ചെലവായ തുകയായ 2,09,087/- രൂപ (രണ്ടു ലക്ഷത്തി ഒൻപതിനായിരത്തി എൺപത്തിയേഴ് രൂപ മാത്രം) ചികിത്സാ സഹായമായി അനുവദിക്കുന്നതിന് പരാമർശം (1) ഗ്രാമ പഞ്ചായത്ത് തീരുമാനം എടുത്ത് സർക്കാരിന്റെ ഉത്തരവിനായി പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. ശ്രീ. അബ്ദു സമദ് ചാന്തിന് ചികിത്സ നടത്തിയ ഇനത്തിൽ ചെലവായ തുകയുടെ 70% തുകയായ 1,46,360/- രൂപ (ഒരു ലക്ഷത്തി നാൽപ്പത്തിആറായിരത്തി മുന്നൂറ്റി അറുപത് രൂപ മാത്രം) ഭാവിയിൽ ക്രമ പ്രകാരമല്ലാതെയോ അധികമായി തുക മാറി നൽകിയതായോ കാണുന്ന പക്ഷം പ്രസ്തുത തുക തിരികെ അടയ്ക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാണെന്നുള്ള വ്യവസ്ഥയിൽ, ടിയാൾ സമർപ്പിച്ചിരിക്കുന്ന ചികിത്സാ

രേഖകളുടെയും മെഡിക്കൽ ബിൽ/വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ മൂന്നിയൂർ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

പ്രസിഡന്റ്/സെക്രട്ടറി, മൂന്നിയൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD- EM2/144/2024-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar D
സെക്ഷൻ ഓഫീസർ
Date: 21-10-2024 12:20:50

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ് ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പിഎ യ്ക്ക്